

# വാടച്ചിറ
# സെന്റ് സെബാസ്റ്റ്യൻ ഇടവക

വാടച്ചിറ പ്രദേശത്തെ ക്രൈസ്തവ വിശ്വാസികളുടെ ചൈതന്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമാണ് 117 കുടുംബങ്ങളുള്ള വാടച്ചിറയിലെ വി. സെബസ്ത്യാനോസിന്റെ ദേവാലയം. ഇരിങ്ങാലക്കുട രൂപതയിലെ എടത്തിരുത്തി ഫൊറോനയുടെ കീഴിലാണ് ഈ ദേവാലയം സ്ഥിതിചെയ്യുന്നത്. കാട്ടൂർ സെന്റ് മേരീസ് പള്ളിയാണ് ഈ ഇടവകയുടെ മാതൃദേവാലയം.

20-ൽ പരം വർഷത്തെ പഴക്കം മാത്രമേ ഈ ദേവാലയത്തിനുള്ളൂവെങ്കിലും, വളരെക്കാലം മുമ്പു തന്നെ ഈ പ്രദേശത്ത് പ്രബലങ്ങളായ ക്രൈസ്തവസമൂഹങ്ങൾ നിലനിന്നിരുന്നു. അതിനുദാഹരണങ്ങളാണ് വാടച്ചിറയിലേയും, കല്ലട തെക്കുംമുറിയിലേയും വിശുദ്ധ സെബസ്റ്റ്യാനോസിന്റെ നാമധേയത്തിലുള്ള കപ്പേളകൾ. ഈ കപ്പേളകൾ യഥാക്രമം 1950 ജനുവരി 29-നും, 1968 ജനുവരി 29-നും ആണ് സ്ഥാപിതമായത്.

## പള്ളി

1979 അവസാനത്തിലാണ് സ്വന്തം പള്ളിയെന്ന ആശയത്തിന് വ്യക്തമായ രൂപവും ഭാവവും കൈവന്നത്. സമുദായാംഗങ്ങൾ തങ്ങളുടെ ആഗ്രഹം അന്നത്തെ തൃശ്ശൂർ സെന്റ് തോമാസ് കോളേജ് പ്രിൻസിപ്പലും, ഈ ഇടവകാംഗവുമായ പെ. ബഹു. പോൾ ആലപ്പാട്ടച്ചനെ അറിയിക്കുകയും, അദ്ദേഹം സമുദായാംഗങ്ങളുടെ യോഗം വിളിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ബഹു. വികാരിയച്ചനുമായി (റവ. ഫാ. ആന്റണി ആലപ്പാട്ട് Jr.) ആലോചിച്ച് പഞ്ഞിക്കാരൻ കുഞ്ഞിലോന കുഞ്ഞുവർക്കി, ആലപ്പാട്ട് പൗലോസ് ജോസ്, നടയ്ക്കലാൻ കുഞ്ഞുവറീത് അന്തോണി എന്നിവരുടെ നേതൃത്വത്തിൽ മൂന്ന് സമുദായാംഗങ്ങളുടെയും സംയുക്തയോഗം വിളിച്ച് പള്ളി പണിയുന്നതിനുള്ള തീരുമാനം എടുക്കുകയും 19 അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

കാട്ടൂർ പള്ളി വികാരിയായിരുന്ന ബഹു. ഫാ. ജേക്കബ് പറനിലം, ബഹു. ഫാ. ജോയ് കടമ്പാട്ട് എന്നിവരുടെ നേതൃത്വത്തിൽ പള്ളിയുടെ വികസനത്തിനുവേണ്ടി ഘട്ടം ഘട്ടമായി സ്ഥലങ്ങൾ വാങ്ങി. സെന്റ് പീറ്റർ ക്ലേവർ കോൺവെന്റിലുള്ള, ആലപ്പാട്ട് അന്തോണി മകൾ സിസ്റ്റർ അലക്സ് വഴി ജർമ്മനിയിലുള്ള സിസ്റ്ററിന്റെ കോൺവെന്റിൽ നിന്ന് കിട്ടിയ സംഭാവനയും, നാട്ടുകാരനായ ബഹു. ആന്റണി



പാരിഷ് ഹാൾ

ആലപ്പാട്ടച്ചന്റെ സംഭാവനയും പള്ളിപണിയുടെ തുടക്കത്തിൽ ഒരു മുതൽക്കൂട്ടായിരുന്നു. K.L.D.C. കാർഷിക ഉപയോഗത്തിനായി റോഡ് നിർമ്മിച്ചതോടെ പള്ളിയിലേയ്ക്കുള്ള വഴിയുടെ പ്രശ്നവും പരിഹൃത മായി.

ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 21.5.1986-ൽ പള്ളിയുടെ തറക്ക ല്ലിട്ടു. വാടച്ചിറ നിവാസികളുടെ ചിരകാലസ്വപ്നമായ ദേവാലയം റവ. ഫാ. ജോയ് കടമ്പാട്ടിന്റെയും പെ. ബഹു. ഫാ. പോൾ ആലപ്പാട്ടിന്റെയും നേതൃത്വത്തിൽ 1988 ജനുവരി 26-ാം തിയ്യതി യാഥാർത്ഥ്യമായി. അന്നേ ദിവസം പുതിയ പള്ളിയുടെ പ്രതിഷ്ഠാകർമ്മം തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം, ഇരിങ്ങാ ലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ, പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ എന്നിവരുടെ കാർമ്മികത്വത്തിൽ നടന്നു.

## സിമിത്തേരി

അധികം താമസിയാതെ തന്നെ സിമിത്തേ രിയുടെ തറക്കല്ലിടൽ കർമ്മം 2.11.1989-ൽ ബഹു. പോൾ ആലപ്പാട്ടച്ചൻ നിർവ്വഹിച്ചു. വികാരി ഫാ. ഫ്രാൻസിസ് കൊടിയനാണ് ഈ സംരംഭത്തിന് നേതൃത്വം നല്കിയത്. സിമിത്തേരിയുടെ വെഞ്ചിരി പ്പുകർമ്മം 1990 ജൂൺ 2-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.

## ഇടവക, വൈദിക മന്ദിരം

അഭിവന്ദ്യ പിതാവിന്റെ DL/92-ാം നമ്പർ കല്പന പ്രകാരം 1992 ഏപ്രിൽ 19-ന് വാടച്ചിറ പള്ളി സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ടു. പ്രഥമ വികാരി യായിരുന്ന ബഹു. ജോയി പുത്തൻവീട്ടിലച്ചൻ വൈദി കമന്ദിരം പണിയുന്നതിനും പള്ളിയിൽ മാർബിൾ വിരി ക്കുന്നതിനും, വേളാങ്കണ്ണി മാതാവിന്റെ രൂപം സ്ഥാപി ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. ബഹു. തോമസ് താടിക്കാരനച്ചന്റെ കാല ത്താണ് വൈദികമന്ദിരം പൂർത്തിയാക്കി 21.5.1995-ൽ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചത്.



വൈദിക മന്ദിരം

## കോൺവെന്റ് & സ്കൂൾ

1995-ൽ ആരാധനസഭാ സിസ്റ്റേഴ്സിന്റെ നേതൃ ത്വത്തിൽ വാടച്ചിറയിൽ വിമല സെൻട്രൽ സ്കൂൾ എന്ന പേരിൽ ഒരു CBSE സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1998 മെയ് 14-ന് പുതിയ മഠത്തിന്റെയും സ്കൂൾ കെട്ടിടത്തിന്റെയും ആശീർവ്വാദകർമ്മം മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു.




അഡോറേഷൻ കോൺവെന്റ്



വിമലമാതാ സെൻട്രൽ സ്കൂൾ, വാടച്ചിറ - താണിശ്ശേരി

## കപ്പേളകൾ

കാട്ടൂർ ഇടവകാംഗങ്ങളായ ഡോ. ജോസ് ജേക്കബ് തെക്കുംപുറം സഹോദരൻ ഡോ. ആന്റണി ജേക്കബ് തെക്കുംപുറം എന്നിവരുടെ സംഭാവന യാണ് പള്ളിയുടെ മുമ്പിൽ കാണുന്ന വേളാങ്കണ്ണിമാ

താവിന്റെ കപ്പേള.

പുരാതനമായ വാടച്ചിറയിലെ കപ്പേള ഈ ഇടവകയ്ക്ക് വിട്ടുകിട്ടിയശേഷം അന്നത്തെ വികാരിയായിരുന്ന ബഹു. ബെന്നി കരുമാലിക്കലച്ചന്റെ നേതൃത്വത്തിൽ മനോഹരമായി പുനർനിർമ്മിച്ച് 22.9.2002-ൽ ആശീർവ്വാദകർമ്മം നടത്തി. ഈ കപ്പേളയിൽ ഇപ്പോൾ വിശുദ്ധ അന്തോണീസിന്റെ തിരുസ്വരൂപവും പ്രതിഷ്ഠിച്ചിട്ടുണ്ട്. കല്ലട-ഹരിപുരം റോഡിൽ സ്ഥിതിചെയ്യുന്നതാണ് വി. സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള കപ്പേള. സെന്റ് സെബാസ്റ്റ്യൻ, ഹോളി ഫാമിലി, ലിറ്റിൽ ഫ്ളവർ എന്നീ കുടുംബസമ്മേളനങ്ങളിലായി ആകെ 117 കുടുംബങ്ങളാണ് ഇടവകയിൽ ഉള്ളത്.

## സ്ഥിരവാസമുള്ള വികാരി

ബഹു. ആന്റോ പാറേക്കാടനച്ചനാണ് ഇവിടെ വൈദിക മന്ദിരത്തിൽ ആദ്യമായി താമസം തുടങ്ങിയത്. മതബോധനഹാൾ പണിയാരംഭിക്കുകയും 2005 ഡിസംബർ 30-ന് അഭിവന്ദ്യ ജെയിംസ് പിതാവ് അതിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു.



വി. സെബസ്ത്യാനോസിന്റെ കപ്പേള



വി. അന്തോണീസിന്റെ കപ്പേള



വേളാങ്കണ്ണിമാത കപ്പേള